തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം – 676 502

# വിവരണപത്രിക

## ആമുഖം

അറിവുൽപ്പാദനം, വിതരണം, വിനിമയം എന്നിവയ്ക്ക് മലയാളഭാഷയെ സജ്ജമാക്കുകയാണ് മലയാളസർവകലാശാലയുടെ ലക്ഷ്യം. ഈ ലക്ഷ്യം സാധൂകരിക്കുന്നതിനുള്ള ബിരുദാനന്തരബിരുദകോഴ്സുകളും ഗവേഷണനയവും രൂപകൽപന ചെയ്തിരിക്കുന്നു. കേരളത്തിന്റെ ഭാഷ, സാഹിത്യം, സംസ്കാരം, ചരിത്രം, സമൂഹം, പരിസ്ഥിതി, വികസനം, വൈജ്ഞാനികപാരമ്പര്യം, ചലച്ചിത്രം, മാധ്യമങ്ങൾ എന്നിവയെല്ലാം മലയാളസർവകലാശാലയുടെ പഠനമേഖലകളാണ്.

യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷ(യു.ജി.സി) ന്റെ 2(എഫ്), 12(ബി) അംഗീകാരങ്ങളുള്ള മലയാളസർവകലാശാലയിൽ എം.എ, എം.എസ് സി എന്നീ ബിരുദാനന്തരബിരുദ കോഴ്സുകളും എം.ഫിൽ, പിഎച്ച്.ഡി. എന്നീ ഗവേഷണപ്രോഗ്രാമുകളും നടത്തുന്നു.

## ദൗത്യം

സമകാലവൈജ്ഞാനികതയുടെ വ്യവഹാരമേഖലയായി മലയാളത്തെ ബലപ്പെടുത്തുക എന്നതാണ് സർവകലാശാലയുടെ ദൗത്യം. മാതൃഭാഷയിലുള്ള സർവകലാശാലാവിദ്യാഭ്യാസത്തിന്റെ അനിവാര്യതകളെയും സാധ്യതകളെയും കുറിച്ചുള്ള ബോധ്യമാണ് മലയാളസർവകലാശാലയുടെ ആന്തരികോർജ്ജം.

- മലയാളഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെയും മറ്റ് വൈജ്ഞാനികമേഖലകളുടെയും വിമർശനാത്മകപഠനത്തിനും വളർച്ചക്കും പ്രേരകമായ കോഴ്സുകളും ഗവേഷണങ്ങളും നടത്തുക;

- ഏതുശാഖയിലെയും സമകാലികവിജ്ഞാനം ആവിഷ്കരിക്കുന്നതിന് മലയാളത്തെ ബലിഷ്ഠമാക്കുക;

- കേരളത്തിന്റെ സാംസ്കാരികവും വൈജ്ഞാനികവുമായ ശേഷിപ്പുകളെ വരുംകാലത്തിന് വേണ്ടി പരിരക്ഷിക്കാനുള്ള പരിപാടികൾ ഏറ്റെടുക്കുക;

- മലയാളഭാഷയ്ക്കും സാഹിത്യമുൾപ്പെടെയുള്ള കേരളത്തിന്റെ സാംസ്കാരികാവിഷ്കാരങ്ങൾക്കും ആഗോളതലത്തിൽ അംഗീകാരം നേടിയെടുക്കുക;

- കേരളത്തിന്റെ സാമൂഹികവും പാരിസ്ഥിതികവും സാമ്പത്തികവും ബൗദ്ധികവുമായ സവിശേഷതകളിൽ വിമർശനാത്മകപഠനഗവേഷണങ്ങൾ ആരംഭിക്കുക;

- ആധുനികലോകത്തെ നയിക്കുന്ന സാങ്കേതികവിദ്യകളോട് ഇണങ്ങിച്ചേരുന്ന ഭാഷയായും അതിന്റെ മാധ്യമമായും മലയാളത്തെ വികസിപ്പിക്കുക.

ഈ ലക്ഷ്യത്തോടെ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ അഞ്ച് ഫാക്കൽറ്റികളിലായി പത്ത് കോഴ്സുകൾ നടത്തുന്നു.

## ഫാക്കൽറ്റികളും കോഴ്സുകളും

### 1. ഭാഷാശാസ്ത്രഫാക്കൽറ്റി

**ഭാഷാശാസ്ത്രം**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

ഭാഷാശാസ്ത്രത്തിന്റെ സമകാലികവികാസങ്ങളെയും മലയാളഭാഷയെയും ഭാഷാചരിത്രത്തെയും ഇന്ത്യൻ പാരമ്പര്യത്തെയും പരിചയപ്പെടുത്തുന്നതാണ് ഈ പാഠ്യപദ്ധതി.

നാലു സെമസ്റ്ററുകളുള്ള പാഠ്യപദ്ധതി ഭാഷാശാസ്ത്രതത്വങ്ങളെ സാമാന്യമായി പരിചയപ്പെടുത്തി, പ്രയുക്തഭാഷാശാസ്ത്രത്തിന് മൂന്നും നാലും സെമസ്റ്ററുകളിൽ ഊന്നൽ കൊടുത്ത് വിഷയവിശാലതയിലേക്ക് നയിക്കുന്നു. കമ്പ്യൂട്ടർവിജ്ഞാനം, സാമൂഹികശാസ്ത്രം, മാധ്യമപഠനം, ആസൂത്രിതവികസനം എന്നീ ജ്ഞാനമേഖലകളിൽ ഭാഷാശാസ്ത്രത്തിന്റെ പങ്കെന്ത് എന്നന്വേഷിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ ഉദ്യമിക്കുന്നു. മലയാളഭാഷാചരിത്രം, മലയാളവ്യാകരണചരിത്രം, ഭാരതീയ വ്യാകരണപാരമ്പര്യം എന്നിവയ്ക്കും ഉചിതമായ സ്ഥാനം പാഠ്യപദ്ധതിയിലുണ്ട്.

### 2. സാഹിത്യഫാക്കൽറ്റി

സാഹിത്യഫാക്കൽറ്റിയിൽ സാഹിത്യപഠനം, സാഹിത്യരചന എന്നിങ്ങനെ രണ്ട് കോഴ്സുകൾ നിലവിലുണ്ട്.

**മലയാളം (സാഹിത്യപഠനം)**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

മലയാളഭാഷയും സാഹിത്യവും സമഗ്രമായി പഠിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പല ഘട്ടങ്ങളിലൂടെയുള്ള ഇരുപതാം നൂറ്റാണ്ടിലെ കവിതയുടെയും കഥയുടെയും നോവലിന്റെയും നാടകത്തിന്റെയും നിരൂപണത്തിന്റെയും വളർച്ച പഠനവിധേയമാക്കുന്ന പാഠ്യപദ്ധ്യതിയിൽ സാഹിത്യവിമർശതത്വങ്ങളും വ്യാകരണവും പഠനവിഷയങ്ങളാണ്.
മലയാളസാഹിത്യചരിത്രം പ്രാരംഭഘട്ടം മുതൽ പഠിക്കണം. ഗവേഷണരീതിശാസ്ത്രം, വിവർത്തനസാഹിത്യം, തിരക്കഥ, തെരഞ്ഞെടുത്ത എഴുത്തുകാരുടെ കൃതികളുടെ ആഴത്തിലുള്ള പഠനം, പ്രസ്ഥാനപഠനം, പ്രബന്ധരചന എന്നിവയെല്ലാമടങ്ങുന്നതാണ് വിപുലമായ പാഠ്യപദ്ധതി.

**മലയാളം (സാഹിത്യരചന)**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

സർഗ്ഗാത്മകസാഹിത്യരചന, തിരക്കഥാരചന, ഫീച്ചർ, പുസ്തകപ്രസാധനം, എഡിറ്റിംഗ്, സാഹിത്യമാസികാ പ്രവർത്തനം, പത്രപ്രവർത്തനം തുടങ്ങിയ മേഖലകളിലെ ആഴത്തിലുള്ള അറിവും പരിചയവും പകരുകയാണ് ഈ കോഴ്സിന്റെ പൊതുലക്ഷ്യം. രചനാതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിങ്ങനെ സമഗ്രാനുഭവത്തിനു നിദാനമായ ഘടകങ്ങളിൽ ഊന്നി, സൃഷ്ടിയുടെ മുഹൂർത്തങ്ങളിൽ ശ്രദ്ധിച്ചാവും കൃതികൾ പഠിപ്പിക്കുക. സാഹിത്യരൂപപരിചയം, മാതൃകാകൃതിപരിചയം, രചനാപരിശീലനം, അനുഭവപരിചയം ഇവയിലൂന്നുന്നതാണ് പഠനരീതി.

വിവിധ സാഹിത്യരൂപങ്ങളുടെ രചനാസവിശേഷതകൾ പരിചയപ്പെടുത്തുന്നു. സാഹിത്യസിദ്ധാന്തങ്ങൾ, സാഹിത്യനിരൂപണം, വിവർത്തനം, മാധ്യമസാഹിത്യം എന്നീ മേഖലകളും പാഠ്യവിഷയങ്ങളിൽപ്പെടുന്നു.

## 3. സംസ്കാരപൈതൃക –ചരിത്രപഠന ഫാക്കൽറ്റി

ഈ ഫാക്കൽറ്റിയിൽ സംസ്കാരപൈതൃകപഠനം, ചരിത്രം എന്നീ വിഭാഗങ്ങളിലായി എം.എ, എം.ഫിൽ, പി എച്ച്.ഡി കോഴ്സുകൾ നടത്തുന്നു.

**മലയാളം (സംസ്കാരപൈതൃകപഠനം)**

എം.എ, എം.ഫിൽ, പി എച്ച്.ഡി

മലയാളഭാഷ, സാഹിത്യം എന്നിവ മുൻനിർത്തി കേരളീയ സംസ്കാരത്തെ സവിശേഷമായി പഠിക്കുന്ന അന്തർവൈജ്ഞാനികപഠന കോഴ്സാണിത്. സംസ്കാരപൈതൃകപഠനത്തിന്റെ ചരിത്രവും സിദ്ധാന്തവും മലയാളഭാഷയും സാഹിത്യവും പഠനവിഷയങ്ങളാണ്. പ്രാചീനമധ്യകാല മലയാളസാഹിത്യം, നോവലും ചെറുകഥയും, മലയാളകവിത, മലയാളസാഹിത്യവിമർശനം, ഭാഷാശാസ്ത്രവും ഭാഷാസൂത്രണവും, മ്യൂസിയവിജ്ഞാനീയം, ഗദ്യസാഹിത്യം, സാഹിത്യസിദ്ധാന്തങ്ങൾ, വ്യാകരണം, പ്രാചീനലിപിപരിചയം, ഹസ്തലിഖിതവിജ്ഞാനീയം, കേരളസംസ്കാരം എന്നിവയെല്ലാം പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. മ്യൂസിയപഠനം, പ്രാചീനലിപിപഠനം, പുരാരേഖകളുടെ ശാസ്ത്രീയപരിരക്ഷ എന്നിവയും ഇതിന്റെ ഭാഗമാണ്.

**ചരിത്രം**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

ചരിത്രരചനാപഠനവും ചരിത്രപദ്ധതിയും പരിചയപ്പെടുത്തി, പ്രാചീന കാലഘട്ടം മുതൽ വർത്തമാന കാലഘട്ടം വരെയുള്ള സമഗ്രമായ ചരിത്രാവബോധം സൃഷ്ടിക്കലാണ് ഈ കോഴ്സിന്റെ ലക്ഷ്യം. പ്രമാണപഠനവും നാഗരികതയുടെ വികാസചരിത്രവും സാമ്രാജ്യങ്ങളുടെ ചരിത്രവും ഇന്ത്യാചരിത്രവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നു. ദക്ഷിണേന്ത്യൻ ചരിത്രവും കേരളചരിത്രവും സവിശേഷമായി പരിഗണിക്കപ്പെടുന്നു. കേരളത്തിന്റെ വ്യത്യസ്ത ചരിത്രകാലഘട്ടങ്ങളെപ്പറ്റിയുള്ള വിശദപഠനത്തിനും ആധുനിക കേരളത്തിന്റെ ആവിർഭാവത്തിനുമുള്ള പ്രാധാന്യം ഈ പാഠ്യപദ്ധതിയുടെ സവിശേഷതയാണ്.

## 4. മാധ്യമപഠനഫാക്കൽറ്റി

ഈ ഫാക്കൽറ്റിയിൽ ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻ, ചലച്ചിത്രപഠനം എന്നീ വിഭാഗങ്ങളിൽ എം.എ, എം.ഫിൽ, പിഎച്ച്.ഡി കോഴ്സുകൾ നടത്തുന്നു.

**ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻ**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

അക്കാദമിക്പഠനത്തിനും പ്രായോഗികപരിശീലനത്തിനും പ്രോജക്റ്റുകൾക്കും തുല്യപ്രാധാന്യം നൽകുന്ന ഘടനയാണ് കോഴ്സിന്റേത്. കമ്യൂണിക്കേഷന്റെ അടിസ്ഥാനതത്വങ്ങൾ, മാധ്യമങ്ങളും സാംസ്കാരിക പഠനങ്ങളും, വാർത്ത റിപ്പോർട്ടിംഗ്, മാധ്യമനിയമങ്ങൾ, കമ്പ്യൂട്ടർ വൈദഗ്ദ്ധ്യം, വാർത്ത എഡിറ്റിംഗ്, മലയാള പത്രപ്രവർത്തനചരിത്രം, മാഗസിൻ ജർണലിസം, റേഡിയോ പരിപാടികളുടെ നിർമിതി, പ്രസിദ്ധീകരണം, ചലച്ചിത്രപഠനം, ടെലിവിഷൻ, കമ്യൂണിക്കേഷൻ റിസർച്ച്, സൈബർ മാധ്യമങ്ങളും ടെക്നിക്കൽ റൈറ്റിങ്ങും, ദൃശ്യമാധ്യമനിർമിതി, വെബ് ഡിസൈനിങ്ങ്, ഇന്റർനാഷണൽ ആൻഡ് ഡവലപ്പ്മെന്റ് കമ്യൂണിക്കേഷൻ, പരസ്യം, പബ്ലിക് റിലേഷൻസ്, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ, പ്രോജക്ട്, ഇന്റേൺഷിപ്പ് ഇതാണ് പാഠ്യപദ്ധതിയുടെ രൂപരേഖ.

**ചലച്ചിത്രപഠനം**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

ഇരുപതാം നൂറ്റാണ്ടിന്റെ കലാരൂപം എന്ന നിലയിൽ സിനിമയെ സമീപിക്കുന്ന പാഠ്യ പദ്ധതി, പ്രാരംഭം മുതൽ സമകാലികസിനിമ വരെയുള്ള ചരിത്രം പഠനവിധേയമാക്കുന്നു. ചലച്ചിത്രഭാഷയും വ്യാകരണവും, ആസ്വാദനവും വിലയിരുത്തലും ചലച്ചിത്രസിദ്ധാന്ത ങ്ങളും വിശദമായി പരിചയപ്പെടുത്തുന്നു. സാഹിത്യവും സിനിമയുമായുള്ള ബന്ധം, തിരക്കഥയുടെ സിദ്ധാന്തവും പ്രയോഗവും എന്നിവ ചർച്ച ചെയ്യുന്നതിനോടൊപ്പം, ലോകസിനിമയുടെ മാസ്റ്റേഴ്സിനെ പരിചയപ്പെടുത്തുന്നു. മൂന്നാം ലോകസിനിമയും മലയാള സിനിമയുടെ സാമൂഹിക പരിപ്രേക്ഷ്യവും വിലയിരുത്തുന്നു. (ഫിലിം ആർക്കൈവ്സും തിയറ്ററും ഇതിനായി സജ്ജമാണ്)

## 5. സാമൂഹ്യശാസ്ത്രഫാക്കൽറ്റി

ഈ ഫാക്കൽറ്റിയിൽ പരിസ്ഥിതിപഠനം, തദ്ദേശവികസനപഠനം, സോഷ്യോളജി എന്നീ വിഭാഗങ്ങളിലായി എം.എ, എം.ഫിൽ, പിഎച്ച്.ഡി കോഴ്സുകൾ നടത്തുന്നു.

**പരിസ്ഥിതിപഠനം**

എം.എ/എം.എസ്.സി, എം.ഫിൽ, പിഎച്ച്.ഡി

പരിസ്ഥിതിയും വികസനവും അവ സൃഷ്ടിക്കുന്ന സാമൂഹ്യവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ വിമർശനാത്മകമായി പഠിക്കുന്ന കോഴ്സാണിത്. ശാസ്ത്രീയമായ സാമൂ ഹ്യമാനവിക മാനങ്ങൾ ഈ പാഠ്യപദ്ധതിയുടെ അടിത്തറയാണ്.
എം.എ./എം.എസ്.സി പരിസ്ഥിതിപഠനം കോഴ്സിൽ ആദ്യ രണ്ട് സെമസ്റ്ററിൽ വിദ്യാർത്ഥി കൾ ഒരേ പേപ്പറുകൾ പഠിക്കുകയും തുടർന്നുള്ള മൂന്ന് നാല് സെമസ്റ്ററുകളിൽ എം.എ, എം.എസ്.സി. എന്നീ രണ്ട് സ്ട്രീമുകളിലേക്ക് മാറുകയും ചെയ്യുന്നു. എം.എ. പരിസ്ഥി തിപഠനം കോഴ്സിൽ കേരളത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾക്കും പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ നൽകികൊണ്ട് പരിസ്ഥിതി ചരിത്രവും സാമൂഹ്യശാസ്ത്രവും വികസനവും വിഭവനിയോഗവും പാരിസ്ഥിതിക ദർശനവും ഹരിത രാഷ്ട്രീയവും പരി സ്ഥിതി സാഹിത്യം, പരിസ്ഥിതി വിവരവിനിമയം, സുസ്ഥിരവികസനവും സന്നദ്ധസംഘ ടനകളും പ്രകൃതിവിഭവ പരിപാലനം എന്നീ മേഖലകൾ സ്പർശിക്കുന്നു.
എം.എസ്.സി പരിസ്ഥിതിപഠനം കോഴ്സിൽ പരിസ്ഥിതിവിജ്ഞാനം, പരിസ്ഥിതിരസ തന്ത്രം, പരിസ്ഥിതി മലിനീകരണം, ജൈവ വൈവിധ്യസംരക്ഷണം, പരിസ്ഥിതി ആഘാ തനിർണയം, ദുരന്തനിവാരണം, മാലിന്യസംസ്കരണം എന്നീ മേഖലകളും അവയുടെ പ്രായോഗികപരിചയവും പഠനവിഷയമാകുന്നു.

**തദ്ദേശവികസനപഠനം**

എം.എ, എം.ഫിൽ, പിഎച്ച്.ഡി

കേരളത്തിന്റെ വികസനമാതൃകയെന്ന് അവകാശപ്പെടാവുന്ന ത്രിതല പഞ്ചായത്തുകളിലൂടെ നടക്കുന്ന വികേന്ദ്രീകൃതവികസനം പാഠ്യവിഷയമാക്കുന്ന പ്രഥമ കോഴ്സ്. വികസനത്തിന്റെ സാമ്പത്തികശാസ്ത്രവും സാമൂഹിക ഗതിവിഗതികളും, വികസനത്തിന്റെ രാഷ്ട്രീയം, ഭരണനിർവഹണം, വികസനം, ഇന്ത്യയിലെ വികസന ത്തിന്റെ ചരിത്രം, ഗണിതക രീതികൾ (Quantitative Methods), കേരളത്തിന്റെ വികസ നാനുഭവങ്ങൾ, മാനുഷിക വികസനം, വികേന്ദ്രീകരണം: സിദ്ധാന്തങ്ങളും സമ്പ്രദായ ങ്ങളും തദ്ദേശവികസനത്തിനുള്ള ധനവിയോഗം ഗവേഷണരീതികൾ (ഐച്ഛികം), പദ്ധതി ആസൂത്രണവും വിലയിരുത്തൽ രീതികളും (ഐച്ഛികം) എന്നീ മേഖലകൾ സ്പർശി ക്കുന്നതാണ് പാഠ്യപദ്ധതി.

### സോഷ്യോളജി

എം.എ, എം.ഫിൽ, പിഎച്ച്.ഡി

സോഷ്യോളജി എന്ന പഠനശാഖയുടെ വികാസ പരിണാമങ്ങളും നാഴികക്കല്ലുകളും അടിസ്ഥാന സിദ്ധാന്തങ്ങളും പരിചയപ്പെടുത്തുന്നതിനൊപ്പം ശാസ്ത്രീയവും വിമർശ നാത്മകവുമായ അപഗ്രഥനവൈദഗ്ദ്ധ്യം സൃഷ്ടിക്കുന്നതിനും, സാമൂഹിക ബന്ധങ്ങൾ, സ്ഥാപനങ്ങൾ, സാമൂഹികമായ ഗതിവിഗതികൾ എന്നിവ വിശകലനം ചെയ്യുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. കേരളീയസമൂഹത്തിന്റെ ചരിത്രസന്ദർഭങ്ങളെ ഗാഢമായി അപഗ്രഥിക്കുന്ന ഈ കോഴ്സ് വർത്തമാനകാല കേരളം നേരിടുന്ന സാമൂഹിക പ്രതിസന്ധികളെയും പ്രതിഭാസങ്ങളെയും ചരിത്ര സാംസ്കാരിക പരിപ്രേക്ഷ്യത്തിൽ വിലയിരുത്തുന്നു. സാമൂഹ്യശാസ്ത്രത്തിന്റെ ശാസ്ത്രവും രാഷ്ട്രീയവുമെന്ന ദ്വിമാനത ഈ കോഴ്സിനെ ഏറെ പ്രസക്തമാക്കുന്നു.

## ഫാക്കൽറ്റികൾ, അദ്ധ്യാപകർ

### ഭാഷാശാസ്ത്രഫാക്കൽറ്റി

ഡോ. എം. ശ്രീനാഥൻ (പ്രൊഫസർ, ഡീൻ) – എം.എ, എം.ഫിൽ, പിഎച്ച്.ഡി.
ഡോ. സി. സെയ്തലവി (അസോസിയേറ്റ് പ്രൊഫസർ, വകുപ്പദ്ധ്യക്ഷൻ) – എം.എ, (മല യാളം, സോഷ്യോളജി, ഭാഷാശാസ്ത്രം, ഇംഗ്ലീഷ്) ബി.എഡ്, പിഎച്ച്.ഡി, സി.ഇ.എൽ. ടി.എ (കാംബ്രിഡ്ജ് സർവകലാശാല)
ഡോ. സ്മിത കെ. നായർ – എം.എ, എം.ഫിൽ, പിഎച്ച്.ഡി.
ഡോ. എം. സന്തോഷ് – എം.എ, എം.ഫിൽ, പിഎച്ച്.ഡി.

### സാഹിത്യഫാക്കൽറ്റി

ഡോ. ടി. അനിതകുമാരി (പ്രൊഫസർ, ഡീൻ, രജിസ്ട്രാർ ഇൻ ചാർജ്) എം.എ, ബി.എ ഡ്, എം.ഫിൽ, പിഎച്ച്.ഡി, പി.ഡി.ആർ.എഫ്. (യു.ജി.സി.)
ഡോ. ഇ. രാധാകൃഷ്ണൻ (അസോസിയേറ്റ് പ്രൊഫസർ & വകുപ്പദ്ധ്യക്ഷൻ) എം.എ, പിഎച്ച്.ഡി.

### സാഹിത്യപഠനം

ഡോ. രോഷ്നി സ്വപ്ന പി. – എം.എ, പിഎച്ച്.ഡി, പിജി ഡിപ്ലോമ ഇൻ എം.സി.ജെ.
ഡോ. മുഹമ്മദ് റാഫി എൻ.വി. – എം.എ, ബി.എഡ്, പിഎച്ച്.ഡി.

### സാഹിത്യരചന

ഡോ. അൻവർ അബ്ദുള്ള – എം.എ, പിഎച്ച്.ഡി.
ഡോ. അശോക് എ. ഡിക്രൂസ് - എം.എ, എം.എഡ്, എം.ഫിൽ, പിഎച്ച്.ഡി.
ഡോ. സി. ഗണേഷ് - എം.എ, ബി.എഡ്, പിഎച്ച്.ഡി.

## സംസ്കാരപൈതൃക -ചരിത്ര ഫാക്കൽറ്റി

### സംസ്കാരപൈതൃകപഠനം

ഡോ. കെ.എം. ഭരതൻ (പ്രൊഫസർ, ഡീൻ) - എം.എ (മലയാളം, ഫോക്‌ലോർ), പിഎച്ച്.ഡി.
ഡോ. സുനീത ടി.വി. (അസോസിയേറ്റ് പ്രൊഫസർ, വകുപ്പദ്ധ്യക്ഷ) -എം.എ, ബി.എഡ്, പിഎച്ച്.ഡി.
ഡോ. പി. സതീഷ്- എം.എ, എം.ഫിൽ, പിഎച്ച്.ഡി, പി.ജി.ഡി.സി.എ.
ഡോ. ജി. സജിന - എം.എ, എം.ഫിൽ (മാനുസ്ക്രിപ്റ്റോളജി), ബി.എഡ്, പിഎച്ച്.ഡി.
ശ്രീ. കെ.വി. ശശി - എം.എ, എം.ഫിൽ

### ചരിത്രം

ഡോ. മഞ്ജുഷ ആർ. വർമ്മ (വകുപ്പദ്ധ്യക്ഷ) - എം.എ, പിഎച്ച്.ഡി.
ഡോ. ശ്രീജ. എൽ.ജി - എം.എ, പിഎച്ച്.ഡി.

## മാധ്യമപഠന ഫാക്കൽറ്റി

### മാധ്യമപഠനം

ഡോ. ആർ. രാജീവ് മോഹൻ (വകുപ്പദ്ധ്യക്ഷൻ) - എം.എ, പിഎച്ച്.ഡി.
ശ്രീമതി കെ.എസ്. രാഗിണി - എം.സി.ജെ.

### ചലച്ചിത്രപഠനം

ഡോ. വിദ്യ. ആർ (വകുപ്പദ്ധ്യക്ഷ) - എം.എ, എം.ഫിൽ, പിഎച്ച്.ഡി.
ഡോ. സുധീർ. എസ്. സലാം - എം.സി.ജെ, പിഎച്ച്.ഡി.

## സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി

### പരിസ്ഥിതിപഠനം

ഡോ. ജയ്നി വർഗീസ് (വകുപ്പദ്ധ്യക്ഷ) - എം.എസ്.സി, എം.ഫിൽ, പിഎച്ച്.ഡി.
ഡോ. ധന്യ.ആർ - എം.എസ്.സി, പിഎച്ച്.ഡി.

### തദ്ദേശവികസനപഠനം

ശ്രീമതി ശ്രീജ.വി - എം.എ.
ഡോ. ശ്രീരാജ്.എ.പി (വകുപ്പദ്ധ്യക്ഷൻ) - എം.എ, എം.ഫിൽ, പിഎച്ച്.ഡി.

### സോഷ്യോളജി

ശ്രീ കെ.എസ്. ഹക്കിം (വകുപ്പദ്ധ്യക്ഷൻ) - എം.എ, എം.ഫിൽ.
ഡോ. സ്വപ്നാറാണി. എസ്.എസ് - എം.എ, എം.ഫിൽ, പിഎച്ച്.ഡി.

## അനുബന്ധ(അഡ്ജങ്റ്റ്) ഫാക്കൽറ്റി

ശ്രീ കെ.പി. രാമനുണ്ണി (സാഹിത്യരചന)

## വിദ്യാർത്ഥിപ്രവേശനം

### എം.എ. /എം.എസ്.സി.

അഭിരുചിപ്പരീക്ഷയുടെ അടിസ്ഥാനത്തിലാണ് വിദ്യാർഥിപ്രവേശനം. അപേക്ഷകർ അഭിരുചിനിർണയനപരീക്ഷ എഴുതണം. ഒന്നര മണിക്കൂർ ആണ് പരീക്ഷയുടെ സമയം. (ഓരോ കോഴ്സുകൾക്കും വേണ്ട പ്രവേശനയോഗ്യത പ്രത്യേകം വിജ്ഞാപനത്തിൽ സൂചിപ്പിക്കുന്നു). അപേക്ഷ ഓൺലൈനായും പോസ്റ്റലായും നേരിട്ടും സമർപ്പിക്കാം. വിജ്ഞാപനം ചെയ്ത കേന്ദ്രങ്ങളിൽ നിശ്ചിത ദിവസം പരീക്ഷ നടത്തും. ഒരു അപേക്ഷകന് മൂന്നു വിഷയങ്ങളിൽ അപേക്ഷിക്കാം. ഓരോന്നിനും പ്രത്യേകം അഭിരുചിപ്പരീക്ഷ എഴുതണം. (അപേക്ഷാ ഫീസ് - കോഴ്സ് ഒന്നിന് - 350 രൂപയും, കോഴ്സ് രണ്ട് മൂന്ന് - 700 രൂപ (പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിയുള്ള അപേക്ഷകർക്ക് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് അനുസരിച്ച്) കോഴ്സ് ഒന്നിന് - 150 രൂപയും, കോഴ്സ് രണ്ട് മൂന്ന് - 300 രൂപ)

അഭിരുചിപ്പരീക്ഷയിൽ 40 ശതമാനം മാർക്ക് കിട്ടിയെങ്കിലേ പ്രവേശനത്തിന് പരിഗണിക്കൂ. ബിരുദതലത്തിൽ കിട്ടിയ മാർക്കും പ്രവേശനപ്പരീക്ഷയിലെ മാർക്കും 50:50 എന്ന അനുപാതത്തിൽ പരിഗണിച്ച് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തുക.

സർക്കാർ അനുശാസിക്കുന്ന ഫീസ് ഇളവുകളും സംവരണവും പാലിച്ചാണ് അഡ്മിഷൻ നടത്തുന്നത്. പ്രവേശനത്തിനുള്ള പരമാവധി വയസ്സ്: 28 (കോഴ്സിന് ചേരുന്ന സമയത്ത്) (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് 30 വയസ്സ്)

### എം.ഫിൽ

ബന്ധപ്പെട്ട വിഷയങ്ങളിൽ 55% അഥവാ തത്തുല്യമായ ഗ്രേഡോടുകൂടിയ ബിരുദാനന്തരബിരുദമാണ് അപേക്ഷനൽകാനുള്ള അടിസ്ഥാന യോഗ്യത. പട്ടികജാതി-പട്ടികവർഗ്ഗം, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങളിലെ അപേക്ഷകർക്ക് 5% ഇളവ് അനുവദിക്കുന്നതാണ്. (വിശദവിവരങ്ങൾക്ക് 2018 ഒക്ടോബറിൽ നിലവിൽവന്ന എം.ഫിൽ ബിരുദ ചട്ടങ്ങളും നിബന്ധനകളും സർവകലാശാല വെബ്സൈറ്റിൽ പരിശോധിക്കുക).

പ്രവേശനപരീക്ഷയുടെയും ബിരുദാനന്തരബിരുദപരീക്ഷയുടെയും മാർക്കുകൾ 50:50 എന്ന അനുപാതത്തിൽ കണക്കാക്കിയാണ് റാങ്ക്ലിസ്റ്റ് തയ്യാറാക്കുക.

രണ്ട് സെമസ്റ്റർ ഉൾപ്പെട്ട ഒരു വർഷമാണ് എം.ഫിൽ പ്രോഗ്രാമിന്റെ കാലാവധി.

കോഴ്സ്വർക്ക്, പ്രബന്ധ പ്രസിദ്ധീകരണം, വൈവ എന്നീ വിഭാഗങ്ങളിലായി 40 ക്രെഡിറ്റ്.

### പിഎച്ച്.ഡി

ബന്ധപ്പെട്ട വിഷയങ്ങളിൽ 55% അഥവാ തത്തുല്യമായ ഗ്രേഡോടുകൂടിയ ബിരുദാനന്തരബിരുദമാണ് അപേക്ഷനൽകാനുള്ള അടിസ്ഥാന യോഗ്യത. പട്ടികജാതി-പട്ടികവർഗ്ഗം, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങളിലെ അപേക്ഷകർക്ക് 5% ഇളവ് അനുവദിക്കുന്നതാണ്.

(വിശദവിവരങ്ങൾക്ക് 2018 ഒക്ടോബറിൽ നിലവിൽവന്ന പിഎച്ച്.ഡി ബിരുദ ചട്ടങ്ങളും നിബന്ധനകളും സർവകലാശാല വെബ്സൈറ്റിൽ പരിശോധിക്കുക).

പിഎച്ച്.ഡി കോഴ്സുകൾക്ക് പ്രവേശനപരീക്ഷ നടത്തി പ്രവേശനപ്പരീക്ഷയുടെയും അവതരണം, അഭിമുഖം എന്നിവയുടെയും മാർക്കുകൾ 70:30 എന്ന ക്രമത്തിൽ കണക്കാക്കിയാണ് റാങ്ക്ലിസ്റ്റ് തയ്യാറാക്കുക.

ആറ് സെമസ്റ്റർ ഉൾപ്പെട്ട മൂന്ന് വർഷമാണ് പിഎച്ച്.ഡി പ്രോഗ്രാമിന്റെ കാലാവധി.

## പരീക്ഷയും മൂല്യനിർണയവും

### എം.എ. കോഴ്സുകൾ

ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ (CBCS) സമ്പ്രദായമാണ് സർവകലാശാല പിന്തുടരുന്നത്.

ആഭ്യന്തര മൂല്യനിർണയം (20%)

മധ്യസെമസ്റ്റർ പരീക്ഷ (20%)

സെമസ്റ്ററന്ത്യ പരീക്ഷ (60%) എന്നീ വിധമാണ് മൂല്യനിർണയം.

ആഭ്യന്തര മൂല്യനിർണയത്തിന് ഹാജർ, മധ്യസെമസ്റ്റർ പരീക്ഷ, അസൈൻമെന്റ്, സെമിനാർ എന്നിവയിലെ പ്രകടനമാണ് മാനദണ്ഡങ്ങൾ.

ഒരു കോഴ്സിൽ അറുപത്(60) ക്രെഡിറ്റുകൾക്കുള്ള മുഖ്യ വിഷയങ്ങൾ നിർബന്ധമായും പഠിക്കണം. ഐച്ഛികവിഷയങ്ങളിൽ പന്ത്രണ്ട് (12) ക്രെഡിറ്റ്. ആകെ എഴുപത്തിരണ്ട് (72) ക്രെഡിറ്റ്. അടുത്ത സെമസ്റ്ററിലേക്ക് സ്ഥാനക്കയറ്റത്തിന് ഒരു സെമസ്റ്ററിൽ കുറഞ്ഞത് പതിനാറ് (16) ക്രെഡിറ്റ് പൂർത്തിയാക്കണം.

ഗ്രേഡ് പോയിന്റ്, ക്രെഡിറ്റ് പോയിന്റ്, ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജ് (സി.ജി.പി.എ.) എന്നിവ പരീക്ഷാ ചട്ടങ്ങൾക്കനുസൃതമായി നിർണയിക്കുന്നു.

### ഫലപ്രഖ്യാപനം

പരീക്ഷ കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ ഫലം പ്രഖ്യാപിക്കും. ഗ്രേഡ് കാർഡും ഉടനേ തന്നെ നൽകും.

അന്ത്യ സെമസ്റ്റർ പരീക്ഷ എഴുതാൻ 75% ഹാജർ നിർബന്ധമാണ്. ആഭ്യന്തര മൂല്യനിർണയവും മധ്യസെമസ്റ്റർ പരീക്ഷയും പൂർത്തിയാക്കാതെ അന്ത്യപരീക്ഷ എഴുതാൻ അനുവാദമില്ല.

പരീക്ഷയുടെയും ഫലപ്രഖ്യാപനത്തിന്റെയും തിയതികൾ നേരത്തേതന്നെ അക്കാദമിക് കലണ്ടറിൽ പ്രഖ്യാപിക്കുന്നു. പ്രഖ്യാപിച്ച പരീക്ഷാതിയതികൾ മാറ്റുന്നതല്ല.

ഗ്രേഡ് മെച്ചപ്പെടുത്താൻ അവസരമില്ല. എന്നാൽ തോറ്റ വിഷയങ്ങളിൽ സപ്ലിമെന്ററി പരീക്ഷ എഴുതാം. ജയിക്കാൻ 40% മാർക്ക് ആവശ്യം.

### മറ്റ് സവിശേഷതകൾ

പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഹോസ്റ്റലുകൾ.

സ്ത്രീസുരക്ഷയ്ക്കായി വനിതാപരിഹാരസെൽ പ്രവർത്തിക്കുന്നു.

വിദ്യാർത്ഥികൾക്കായി കൗൺസലിങ്, വൈദ്യപരിശോധന എന്നീ സൗകര്യങ്ങൾ.

കാമ്പസിൽ കാന്റീൻ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് കാന്റീൻ ഭക്ഷണത്തിന് സബ്സിഡിയും അനുവദിക്കുന്നു.

തിരൂർ ടൗണിൽ നിന്ന് കാമ്പസിലേയ്ക്കും തിരിച്ചും മിതമായ നിരക്കിൽ വാഹനസൗകര്യം ഒരുക്കിയിട്ടുണ്ട്.

പുകയിലരഹിത/ഹരിത കാമ്പസ്

റാഗിങ് കർശനമായി നിരോധിച്ചിരിക്കുന്നു.

### ലൈബ്രറി

36,000 ലേറെ പുസ്തക്കങ്ങളും, നൂറിലേറെ ആനുകാലികങ്ങളും ജർണലുകളും ലഭ്യമായ ആധുനികലൈബ്രറി. ഇവിടെ കംപ്യൂട്ടർ കാറ്റലോഗ്, ഇന്റർനെറ്റ്, ഫോട്ടോകോപ്പിയർ, ഇ-ബുക്കുകൾ, ഇ-ജർണലുകൾ എന്നിവയെല്ലാം ലഭ്യമാണ്.
ഇന്റർ ലൈബ്രറി നെറ്റ്‌വർക്കിൽ അംഗത്വം.
ഓരോ വർഷവും അയ്യായിരത്തിലേറെ പുതിയ പുസ്തകങ്ങൾ വാങ്ങുന്നു. പ്രവൃത്തിദിവസങ്ങളിൽ വൈകുന്നേരം 7 മണി വരെ ലൈബ്രറി പ്രവർത്തിക്കുന്നു.

## വിവിധപഠനകേന്ദ്രങ്ങൾ

### എഴുത്തച്ഛൻ പഠനകേന്ദ്രം

മലയാളസർവകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരിപൂർണമായി കൈവരിക്കുന്നതിന് അതിന്റെ സ്ഥാപനരൂപത്തെ പല കൈവഴികളിലൂടെ വിപുലീകരിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമാണ് എഴുത്തച്ഛൻ പഠനകേന്ദ്രം. ഇന്ത്യൻ സമൂഹത്തെ മൗലികമായി പരിഷ്കരിക്കുന്നതിനുള്ള ശ്രമം ശ്രീബുദ്ധന്റെ കാലം മുതൽ ആരംഭിച്ചിട്ടുണ്ട്. പിന്നീട് ഭക്തിപ്രസ്ഥാനം, ദേശീയപ്രസ്ഥാനം, നവോത്ഥാനപ്രസ്ഥാനം, ജാതിവിരുദ്ധ സെക്കുലർ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ മുന്നോടിയായി സാമൂഹികസ്വാതന്ത്ര്യം കൈവരിക്കേണ്ടതാണെന്ന് ഡോ. ബി.ആർ. അംബേദ്കർ പറഞ്ഞത്. സാമൂഹ്യനവീകരണത്തിനുവേണ്ടി ഇന്ത്യയിൽ നടന്ന ദീർഘമായ പദ്ധതികളെക്കുറിച്ചുള്ള ഗവേഷണവും പഠനവുമാണ് എഴുത്തച്ഛൻ പഠനകേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. കാരണം എഴുത്തച്ഛൻ ഒരു ഘട്ടത്തിൽ ഇത്തരമൊരു സംരംഭത്തിന്റെ ശീഘ്രഗതിയിൽ നിന്ന ധൈഷണികനാണ്. ഈ ദിശയിൽ നിരവധി പ്രവർത്തനങ്ങൾ പഠനകേന്ദ്രം ഇതിനകം നിർവഹിച്ചു കഴിഞ്ഞിട്ടുണ്ട്. സാഹിത്യഫാക്കൽറ്റിക്കു കീഴിലുള്ള ഗവേഷണകേന്ദ്രം കൂടിയാണ് എഴുത്തച്ഛൻ പഠനകേന്ദ്രം.

### നവസാമൂഹ്യപഠനകേന്ദ്രം

പാർശ്വവൽകൃതസമൂഹങ്ങളെക്കുറിച്ചുള്ള വിമർശനാത്മകപഠനങ്ങൾ കീഴാളപഠനങ്ങൾ(സബാൾട്ടേൺ സ്റ്റഡീസ് )എന്ന പേരിൽ പലവിതാനങ്ങളായി ലോകമെമ്പാടും ഇന്ന് ശക്തി പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട്. പല സർവകലാശാലകളും ഇതിനെ ഒരു അക്കാദമികപഠനപദ്ധതിയായി അംഗീകരിച്ചിട്ടുണ്ട്. ജ്ഞാനാന്വേഷണ മണ്ഡലത്തിൽ പാർശ്വവൽകൃതരുടെ ജ്ഞാനത്തെ അടയാളപ്പെടുത്താനും അതിനുതകുന്ന ബദൽ രീതിശാസ്ത്രങ്ങൾ വികസിപ്പിക്കാനും ഇതിനു കഴിഞ്ഞിട്ടുമുണ്ട്. കേരളത്തിലെ പാർശ്വവത്കൃത സമൂഹത്തെ സംബന്ധിച്ച് ഗൗരവതരമായ പഠനങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല. ഈ സന്ദർഭത്തിലാണ് നവസാമൂഹ്യപഠനകേന്ദ്രം പ്രസക്തമായിത്തീരുന്നത്. ഇതിന് വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. പാർശ്വവത്കൃതസമൂഹത്തെക്കുറിച്ചുള്ള പരമ്പരാഗതമായ അക്കാദമിക ജ്ഞാനനിർമ്മിതിയോടൊപ്പം തന്നെ അതതു സമൂഹങ്ങളിൽ നിന്നുള്ള അനൗപചാരിക ഗവേഷകർക്കും പഠനത്തിൽ പങ്കാളിത്തം ഉണ്ടായിരിക്കണം. ഈ ഘടനയിലാണ് നവസാമൂഹ്യപഠനകേന്ദ്രം വിഭാവനം ചെയ്തിട്ടുള്ളത്.

### ഭാഷാസാങ്കേതിക കേന്ദ്രം

മലയാളഭാഷാപോഷണത്തിനുതകുന്ന അടിസ്ഥാന ഡിജിറ്റൽ വിഭവവികസനമാണ് ഭാഷാ ടെക്നോളജി കേന്ദ്രത്തിന്റെ മുഖ്യലക്ഷ്യം. മലയാളത്തിന്റെ യന്ത്രഗ്രാഹ്യത വർദ്ധിപ്പിക്കാനുതകുന്ന സാങ്കേതിക വിഭവങ്ങൾ നിർമിക്കുന്ന കാര്യത്തിൽ ഏറെ മുന്നേറാനുണ്ടെന്ന തിരിച്ചറിവിലാണ് സർവകലാശാല ഈ കേന്ദ്രം സ്ഥാപിച്ചത്. വിവിധ ഭാഷാ സോഫ്റ്റ്‌വെയറുകൾ, ഡിജിറ്റൽ പദകോശം, ഡിജിറ്റൽ ലൈബ്രറി എന്നിവയ്ക്കു

പുറമെ ഭാഷാപഠനം സുഗമമാക്കാനുള്ള ആൻഡ്രോയിഡ് ആപ്പുകളും ഭാഷാസാങ്കേതിക കേന്ദ്രം നിർമിക്കുന്നുണ്ട്.

കേന്ദ്രത്തിന്റെ ആദ്യ ഉത്പന്നം മലയാളഭാഷയുടെ സമ്പൂർണ ഡിജിറ്റൽ സ്വന സഞ്ചയമാണ്. ഗവേഷകർക്കും സോഫ്റ്റ് വെയർ നിർമാതാക്കൾക്കും ഭാഷയുടെ സ്വനിമ ഘടന കൃത്യമായി ഉൾക്കൊള്ളാൻ സഹായിക്കുന്ന വിധത്തിലാണ് ഈ വിഭവമൊരുക്കിയിട്ടുള്ളത്. www.cmltemu.in ൽ ഇത് ലഭ്യമാണ്.

ഭാഷ ടെക്നോളജി കേന്ദ്രം തയ്യാറാക്കിയ മറ്റൊരു ഉല്പന്നമാണ് അക്ഷര ഭേദിനി www.cmltemu.in/transcription ൽ ഇത് ലഭ്യമാണ്.

സാങ്കേതികവിദ്യാ സഹായികളോടെ ഭാഷാപഠനം സുഗമമാക്കാനുള്ള പ്രോജക്ടിന്റെ ഭാഗമായി 'മലയാളപാഠം' എന്ന പേരിൽ കേന്ദ്രം നിർമിച്ച ഭാഷാപഠന ആപ്പ് പ്ലേസ്റ്റോറിൽ ലഭ്യമാണ്. https://play.google.com/apps/testing/com.malayalamuniversity.malayalapaadam എന്ന ലിങ്കുവഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**അറബിമലയാളപഠനകേന്ദ്രം**

അറബിമലയാളഭാഷാകൃതികളുടെ ഭാഷാപഠനം പ്രോത്സാഹിപ്പിക്കുക, അറബിമലയാളഭാഷാസാഹിത്യചരിത്രം നിർമ്മിക്കുക, മലയാളസാഹിത്യചരിത്രത്തിൽ അറബിമലയാളത്തിന്റെ ഇടം നിർണ്ണയിക്കുക, അറബിമലയാളസങ്കര സാംസ് സാരികചരിത്രം കണ്ടെത്തുക, അറബിമലയാളത്തിന്റെ ലാവണ്യശാസ്ത്രം അടയാളപ്പെടുത്തുക, അറബിമലയാള സാഹിത്യത്തിന്റെ ശൈലീവിജ്ഞാനപഠനം നിർവഹിക്കുക, അറബിമലയാളവൈജ്ഞാനികപൈതൃകം അടയാളപ്പെടുത്തുക, അറബിമലയാളകൃതികളിലെ ദ്രാവിഡാംശം അടയാളപ്പെടുത്തുക,അറബിമലയാളത്തിന്റെ സമ്പർക്കസാഹചര്യം വെളിപ്പെടുത്തുക, അറബിമലയാളലിപിചരിത്രം രേഖപ്പെടുത്തുക തുടങ്ങി അറബിമലയാളത്തിന്റെ ഭാഷാപരവും സാഹിത്യപരവും സാംസ്കാരികവുമായ തലങ്ങളെ വേർതിരിച്ച് അടയാളപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ പൈതൃകസ്ഥാനം നിർണയിക്കുക തുടങ്ങിയ കർമ്മപദ്ധതികളാണ് ഈ പഠനകേന്ദ്രത്തിലൂടെ വിഭാവനം ചെയ്യുന്നത്.

**സ്ത്രീസാഹിത്യപഠനകേന്ദ്രം**

സാഹിത്യത്തിലെ സ്ത്രീസ്വത്വം പഠനവിധേയമാക്കാനും മലയാളസാഹിത്യത്തിന്റെ സ്ത്രീ ലാവണ്യശാസ്ത്രം വെളിപ്പെടുത്താനും ഭാരതീയവും അന്തർദേശീയവുമായ സ്ത്രീപക്ഷ സാഹിത്യഭൂപടത്തിൽ മലയാളത്തിന്റെ സ്ഥാനം നിർണ്ണയിക്കാനും സ്ത്രീഭാവന മുഖ്യ ധാരാസാഹിത്യത്തെ ഇളക്കിമറിക്കുന്നതെങ്ങിനെയെന്ന് വെളിപ്പെടുത്താനും ഉതകുന്ന പഠ നങ്ങൾ നടത്തുക, മലയാളിമനസ്സിലെ പുരുഷകാമനകൾക്കെതിരെയുള്ള ഭാവനാപ്രതി രോധങ്ങൾ ആശയപരമായും സൈദ്ധാന്തികമായും ലാവണ്യാത്മകമായും സ്ത്രീസാഹി തിയിലൂടെ രേഖപ്പെടുത്തുന്നത് എങ്ങനെയെന്ന് പൊതുജനത്തെ ബോധ്യപ്പെടുത്തുക തുടങ്ങിയ കർമ്മപദ്ധതികളാണ് ഈ പഠനകേന്ദ്രത്തിലൂടെ വിഭാവനം ചെയ്യുന്നത്.

**പൈതൃകമ്യൂസിയം**

മലയാളസർവകലാശാലയുടെ മ്യൂസിയം പ്രോജക്ടിന്റെ ഭാഗമായി സർവകലാശാലാ കാമ്പസിൽ ഒരു പൈതൃകമ്യൂസിയം ഒരുക്കിയിട്ടുണ്ട്. കാർഷികം, നരവംശം, സാംസ് കാരികം, സാഹിത്യം തുടങ്ങി വിവിധ മേഖലകളിലെ കേരളത്തിന്റെ പൗരാണികപാരമ്പര്യം പ്രതിനിധാനം ചെയ്യുന്ന വസ്തുക്കളാണ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. കേരളീയ സാമൂഹ്യചരിത്രത്തിന്റെ പൗരാണികമാനങ്ങൾ അടയാളപ്പെടുത്താൻ ഉതകുന്നവയാണ് പ്രോജക്ടിന്റെ ഭാഗമായി മ്യൂസിയത്തിൽ ശേഖരിച്ച അമൂല്യവിഭവങ്ങൾ.

കേരളത്തിന്റെ വൈജ്ഞാനിക, കാർഷിക, വാണിജ്യ പാരമ്പര്യത്തെക്കുറിച്ചുള്ള സമഗ്രചിത്രം നൽകാൻ മ്യൂസിയത്തിനു സാധിക്കുന്നുണ്ട്. പ്രാദേശിക സംസ്കൃതിയിലേക്കും ചരിത്രത്തിലേക്കും വെളിച്ചം വീശാനുതകും വിധമാണ് മ്യൂസിയം വിഭാവനം ചെയ്തിരിക്കുന്നത്.

വിപുലമായ ഒരു പൈതൃകമ്യൂസിയം സ്ഥാപിക്കുന്നതിന് മുന്നോടിയായാണ് ഈ മ്യൂസിയം ഒരുക്കിയിരിക്കുന്നത്. മ്യൂസിയത്തിലേക്കായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ചരിത്രമൂല്യമുള്ള വസ്തുക്കളും രേഖകളും ശേഖരിച്ചുവരുന്നു